



GHSS NADUVANNUR
GHSS NADUVANNUR
2020/1/17 06:56

# ആമുഖം

നടുവണ്ണൂർ സ്കൂളിലെ കൂട്ടുകാരുടെ കലാവാസനയും സാഹിത്യവാസനയും ""വൈഖരി" യിലൂടെ ഞങ്ങൾ നിങ്ങൾക്കു മുന്നിൽ എത്തിക്കുന്നു........



ലിറ്റിൽ കൈറ്റ്സ്
ജി.എച്ച്.എസ്.എസ്.നടുവണ്ണൂർ

# സന്ദേശം

**T .MURALEEDHARAN H.M G.H.S.S.NADUVANNUR**



പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സാങ്കേതികരംഗത്തും സ്കൂൾ വിദ്യാർ ഥികളെ മികവുറ്റവരാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് ഇതിനോടകം വിദ്യാലയങ്ങളുടെ അവിഭാജ്യഘടകമായി തീർ ന്നിരിക്കുകയാണല്ലോ.അനിമേഷൻ,മലയാളം കമ്പ്യൂട്ടിംഗ്,മൊബൈൽ ആപ് നിർമാണം,പ്രോഗ്രാമിംഗ്,വെബ് ടി.വി തുടങ്ങി നിരവധി മേഖലയിൽ വിദ്യാർഥികൾക്ക് വൈദഗ്ധ്യം നൽകിയ ഈ പദ്ധതി സർഗ്ഗസൃഷ്ടിക്കുകൂടി ഊന്നൽ നൽകുന്നത് സ്തുത്യർഹമാണ് .അധ്യാപകരുടെയും വിദ്യാർഥികളുടെയും കലാസൃഷ്ടികൾ ലോകമെമ്പാടുമുള്ള വായനക്കാർക്ക് മുമ്പിൽ തുറന്നിടാൻ ലിറ്റിൽ കൈറ്റ്സ് ഡിജിറ്റൽ മാഗസിനിലൂടെ സാധ്യമാകുന്നു.സാങ്കേതികതയും സർഗ്ഗാത്മകതയും മാറ്റുരയ്ക്കുന്ന ഈ മാഗസിന് എല്ലാവിധ ഭാവുകങ്ങളും ആശംസിക്കുന്നു.

**ലിറ്റിൽ കൈറ്റ്സ്**
**ജി.എച്ച്.എസ്.എസ്.നടുവണ്ണൂർ**

# ആശംസ

**REENAKUMARI .M** **(DEPUTY HM)**

ഡിജിറ്റൽ യുഗത്തിൽ കുട്ടികളുടെ സർഗ്ഗസൃഷ്ടികൾ അവതരിപ്പിക്കാനുള്ളവേദിയായ ലിറ്റിൽ കൈറ്റ്സിന് എന്റെ എല്ലാ ആശംസകളും നേരുന്നു.



**ലിറ്റിൽ കൈറ്റ്സ്**
**ജി.എച്ച്.എസ്.എസ്.നടുവണ്ണൂർ**

## പത്രാധിപസമിതി

| | |
|---|---|
| പത്രാധിപർ | മനജിത് ദാസ് |
| അംഗങ്ങൾ | ആദിത് |
| | സഞ്ജൻ ദാസ് |
| | മുഹമ്മദ് ഷാൻ |
| | പവിത്ര |
| | മുഹമ്മദ് റഹ്ദാൻ |
| | ഡാനിഷ് മുഹമ്മദ് |
| | ഹരിനന്ദ് |
| | അഭിനന്ദ് |
| | മറ്റ് എൽ കെ അംഗങ്ങൾ |

## ഉള്ളടക്കം

.......................................................................................................1
ആമുഖം.......................................................................................................2
ലിറ്റിൽ കൈറ്റ്സ് ജി.എച്ച്.എസ്.എസ്.നടുവണ്ണൂർ.......................................................................................................2
സന്ദേശം.......................................................................................................3
ആശംസ.......................................................................................................4
പത്രാധിപസമിതി.......................................................................................................5
ഗണിതപ്രതിഭകൾ.......................................................................................................8
ഗണിതപ്രതിഭകൾ.......................................................................................................9
പ്രഭാതത്തിൽ.......................................................................................................10
ദീപ നാപ്പള്ളി.......................................................................................................10
മുത്തശ്ശിമാവ്.......................................................................................................11
കാത്തു വയ്ക്കാം!.......................................................................................................14
- റഫീക്ക് പൂനത്ത്.......................................................................................................14
മണ്ണിന്ന് തരുവിന്ന്.......................................................................................................14
ഭാരതത്തിന്റെ ഭരണഘടന.......................................................................................................15
എന്തിന്..?.......................................................................................................17
-റീനാകുമാരി.എം.......................................................................................................17
മനം കവർന്ന ആ രണ്ടു ദിനങ്ങൾ.......................................................................................................19
- ശ്രാവണ സതീഷ്.......................................................................................................19
ഗാന്ധി തൻ സ്മിതം.......................................................................................................21
-നിരഞ്ജന.......................................................................................................21
യാത്രാവിവരണം.......................................................................................................24
-ശ്രീലക്ഷ്മി.......................................................................................................24
ബാല്യകാലം.......................................................................................................26
ജയ.......................................................................................................26
നിറങ്ങൾ.......................................................................................................29
അറിവിൻ സ്മിതം.......................................................................................................31
പ്പോ ജലത്തിന്റെ പര്യായം.......................................................................................................32

**ലിറ്റിൽ കൈറ്റ്സ്**
**ജി.എച്ച്.എസ്.എസ്.നടുവണ്ണൂർ**

ദിലീപ് കിഴൂർ.....32
മഞ്ഞുതുള്ളികൾ.....34
ജയശ്രീ കോലഞ്ചേരി.....34
Rise up.....37
ഏകാന്തനായി കടൽത്തീരത്ത്.....39
എന്റെ കവിതകൾ ഇത് മാത്രം.....41
ടി.മുരളീധരൻ.....41

# ഗണിതപ്രതിഭകൾ

സംസ്ഥാനതല ഗണിതശാസ്ത്രമേളയിൽ GEOMETRICAL CHART ഇനത്തിൽ ഒന്നാംസ്ഥാനത്തിനർഹയായി ദക്ഷിണേന്ത്യൻ ഗണിത ശാസ്ത്രമേളയിൽ പങ്കെടുത്ത കാർത്തിക എസ് ബാബു. നടുവണ്ണൂർ GHSS ലെ പത്താം ക്ലാസ്സ് വിദ്യാർത്ഥിനിയാണ് .






**ലിറ്റിൽ കൈറ്റ്സ്**
**ജി.എച്ച്.എസ്.എസ്.നടുവണ്ണൂർ**


# ഗണിതപ്രതിഭകൾ

സംസ്ഥാനതല ഗണിതശാസ്ത്രമേളയിൽ അദ്ധ്യാപകർക്കായുള്ള TEACHING AIDS ഇനത്തിൽ A GRADE നേടിയ GHSS NADUVANNUR ഹെഡ്മാസ്റ്റർ ശ്രീ.മുരളീധരൻ .




**ലിറ്റിൽ കൈറ്റ്സ്**
**ജി.എച്ച്.എസ്.എസ്.നടുവണ്ണൂർ**

# പ്രഭാതത്തിൽ



ദീപ നാപ്പള്ളി

മഞ്ഞിൽ കുളിച്ചിള
വെയിലാൽ തോർത്തി
മെല്ലെയിതൾനീർത്തി
പരിലസിക്കും കലികപോൽ
രാവിലാ പകലി നല്ലലുകൾ
കുമ്പിച്ച ഹൃത്തടമാ
ക്കവിളത്തെ കണ്ണീർച്ചാലൊത്രു
പുതുപുഞ്ചുരി സൂര്യനാലൊപ്പി
വിടരാൻ വെമ്പുമോരോ
പ്രഭാതത്തിലും.

ലിറ്റിൽ കൈറ്റ്സ്
ജി.എച്ച്.എസ്.എസ്.നടുവണ്ണൂർ

# മുത്തശ്ശിമാവ്

-ആര്യനന്ദ 8 A

അതിമനോഹരമായ ഒരു ഗ്രാമമുണ്ടായിരുന്നു. ആ ഗ്രാമത്തിൽ ഒരു കാടുണ്ടായിരുന്നു.
നിറയെ പൂക്കളും കായ്കളും സുന്ദരമായ പുഴകളും കളകളാരവും പൊഴിക്കുന്ന കാട്ടരുവികളും
ഉണ്ടായിരുന്നു. നിറയെ ഇലകളും നല്ല പഴുത്ത മാങ്ങകളും ആ മുത്തശ്ശിമാവിൽ ഉണ്ടായിരുന്നു. ആ മാവിൽ കുറെ പക്ഷികൾ കൂടുണ്ടാക്കി താമസിച്ചിരുന്നു. ആ മരത്തിൽ
പക്ഷികളെല്ലാം മധുരമുള്ള ആ മാമ്പഴങ്ങൾ തിന്നായിരുന്നു ജീവിച്ചിരുന്നത്. അങ്ങനെ
അവർ സന്തോഷത്തോടെ ഇരിക്കെ ആ കാട്ടിൽ ഭയാനകമായ ഒരു ചുഴലിക്കാറ്റുണ്ടായി.
എല്ലാ പക്ഷികളും അതോടെ ആ മരത്തിൽ നിന്നും വിട്ടൊഴിയാൻ തുടങ്ങി. മുത്തശ്ശിമാവിന് സങ്കടം സഹിക്കാൻ കഴിഞ്ഞില്ല. മുത്തശ്ശിമാവ് ആകാശദേവനോട് പ്രാർത്ഥിക്കാൻ തുടങ്ങി. ആകാശദേവൻ മുത്തശ്ശിമാവിനെ ഒന്നു പരീക്ഷിക്കാം എന്നും കരുതി. ആകാശദേവൻ തന്റെ ദാസനായ അണ്ണാനെ അവിടേയ്ക്ക് അയച്ചു. ആ അണ്ണാൻ

ലിറ്റിൽ കൈറ്റ്സ്
ജി.എച്ച്.എസ്.എസ്.നടുവണ്ണൂർ

മുത്തശ്ശിമാവിൽ കൂടുണ്ടാക്കി താമസിച്ചു. അതോടെ അണ്ണാൻ മുത്തശ്ശിമാവിൽ ഉണ്ടാകുന്ന

മാമ്പഴമെല്ലാം തിന്നുതീർക്കാൻ തുടങ്ങി. അതോടെ  മുത്തശ്ശിമാവിൽ മാങ്ങയുടെ ക്ഷാമം

ഉണ്ടായി. അപ്പോൾ ആകാശദേവൻ മുത്തശ്ശിമാവിന്റെ മുന്നിൽ

പ്രത്യക്ഷപ്പെട്ടു. ആകാശദേവൻ ചോദിച്ചു : “നിന്റെ സൗന്ദര്യവും

മാങ്ങയുമെല്ലാം ഈ അണ്ണാൻ തിന്നുതീർത്തു. ഇനി എന്തു ചെയ്യും".

“സാരമില്ല" മുത്തശ്ശിമാവ് പറഞ്ഞു. "എന്റെ മാങ്ങയെല്ലാം എനിക്ക്

ഭക്ഷിക്കാനല്ല ഞാൻ ഉണ്ടാക്കിയത്. ഞാൻ മുത്തശ്ശിയായില്ലെ,

ഇനിയെനിക്കെന്തിനാണ് സൗന്ദര്യം. എനിക്കു ഭക്ഷിക്കാൻ ഇവിടത്തെ

ജലവും ലവണങ്ങളും മതി. എന്നാൽ പക്ഷിമൃഗാതികൾക്ക് അതുപോര, അവർക്ക് ഭക്ഷണം

തന്നെ വേണം. ഇവിടെ ചുഴലിക്കാറ്റ് വന്നപ്പോൾ എനിക്ക്

ആരുമില്ലാതായി.

എല്ലാ പക്ഷികളും ഇവിടം വിട്ടുപോയി.   അപ്പോൾ എനിക്ക്  ഈ അണ്ണാൻ മാത്ര എന്റെ മാങ്ങയെല്ലാം അണ്ണാൻ തിന്നട്ടെ എനിക്കു

സാരമില്ല. അതുകേട്ട് ആകാശദേവൻ

മുത്തശ്ശിമാവിന് പഴയതിനേക്കാൾ നല്ല സൗഭാഗ്യം കൊടുത്തു. പണ്ട് ഇവിടം വിട്ട്പ്പോയ പക്ഷികൾ അവിടേക്ക് വന്നു കൂടാതെ കൂടുതൽ മണവും നിറവുമുള്ള

**ലിറ്റിൽ കൈറ്റ്സ്**
**ജി.എച്ച്.എസ്.എസ്.നടുവണ്ണൂർ**

സ്വദിഷ്ടമായ ഫലങ്ങൾ ഉണ്ടാവാൻ ഉള്ള വരം കൊടുത്തു അങ്ങനെ

മുത്തശ്ശിനമാവുംപക്ഷികൾും സന്തോഷത്തോടെ ജീവിച്ചു.

SHOBIN 9H



# കാത്തു വയ്ക്കാം!

- റഫീക്ക് പൂനത്ത്

മല കാത്തു വയ്ക്കാം

മണ്ണിന്ന് തരുവിന്ന്

അരുവിക്കൊരുറവയ്ക്ക്

വേണ്ടി .....

മല കാത്തു വയ്ക്കാം

പറവയ്ക്ക് ,പുഴുവിന്ന്

കാലിയ്ക്കായന്നം വിതയ്ക്കാൻ.....

മല കാത്തു വയ്ക്കാം

കാർമുകിൽ തുമ്പത്തെ

മഴ വന്ന് കുളിരായി

പെയ്യാൻ

മല കാത്തു വയ്ക്കാം

പായുന്ന കാറ്റാം കറുമ്പന്റെ ചങ്ങലയാവാൻ

മല കാത്തു വയ്ക്കാം


മാനവപ്പെരുമയ്ക്ക്

കണ്ണിന്,     കരളിന്കുളിരായ് ....

ലിറ്റിൽ കൈറ്റ്സ്
ജി.എച്ച്.എസ്.എസ്.നടുവണ്ണൂർ

# ഭാരതത്തിന്റെ ഭരണഘടന

ഇന്ത്യയിലെ പരമോന്നത നിയമമാണ് .ഇന്ത്യയിലെ ഭരണഘടന രാജ്യത്തെ അടിസ്ഥാന രാഷ്ട്രീയ തത്ത്വങ്ങളുടെ നിർവ്വചനം, ഗവൺമെന്റ് സംവിധാനത്തിന്റെ ഘടന ,അധികാരങ്ങൾ, നടപടിക്രമങ്ങൾ കർത്തവ്യങ്ങൾ




മൗലികാവകാശങ്ങൾ,കടമകൾ  രാഷ്ട്രഭരണത്തിനായുള്ള നിർദേശകതത്ത്വങ്ങൾ മുതലായവ ഭരണഘടന മുന്നോട്ട് വയ്ക്കുന്നു.പരമാധികാര രാഷ്ട്രങ്ങളിലെ ലിഖിത ഭരണഘടനകളിൽ വച്ച് ഏറ്റവും വലുതാണ് ഇന്ത്യയുടെ ഭരണഘടന. 1949 നവംബർ 26-നാണ് ഭരണഘടന നിർമ്മാണ സഭ ഇന്ത്യയുടെ ഭരണഘടന അംഗീകരിച്ചത്.1950 ജനവരി 26-ന് അത് പ്രാബല്യത്തിൽ വന്നു.താത്കാലിക ചെയർമാനായി സച്ചിദാനന്ദ സിൻഹയെയും,1946

**ലിറ്റിൽ കൈറ്റ്സ്**
**ജി.എച്ച്.എസ്.എസ്.നടുവണ്ണൂർ**

ഡിസംബർ 11 ന് ഡോ:രാജേന്ദ്രപ്രസാദിനെ സഭയുടെ പ്രസിഡന്റായും തിരഞ്ഞെടുത്തു.ഡോ:ബി.ആർ.അംബേദ്കറുടെ നേതൃത്ത്വത്തിൽ 1947 ആഗസ്റ്റ് 29-ന് ഒരു കരട് കമ്മിറ്റി രൂപീകരിച്ചു.ഡോ:ബി.എൻ.റാവു ആയിരുന്നു ഭരണഘടനാഉപദേശകൻ.ഇന്ത്യൻ ഭരണഘടന എന്ന ദൗത്യം പൂർത്തിയാക്കാൻ കൃത്യം 2 വർഷം11 മാസം 18 ദിവസം വേണ്ടിവന്നു.



ലിറ്റിൽ കൈറ്റ്സ്
ജി.എച്ച്.എസ്.എസ്.നടുവണ്ണൂർ

# എന്തിന്..?

-റീനാകുമാരി.എം





എന്തിനൊരുനവഹർഷദീപ്തിയെ
ഒരു പുലർകാലത്ത്
കിനാവ് കണ്ടു ഞാൻ?
എന്തിന് വ്യർത്ഥസ്വപ്നങ്ങളുടെ
മണൽ വീട് തീർത്തു ഞാൻ ?
എന്തിന് വാചാലതയുടെ മുത്തുകൾ
മൗനത്തിൽ പൊതിഞ്ഞുവെച്ചു ഞാൻ?
ഒരു കൊച്ചു കുസൃതി വന്നെൻ
മണൽ കോട്ട തച്ചുടക്കവെ
എന്തെൻ കണ്ണുകൾ
ഈറനണിഞ്ഞില്ല?
വേഗം കൂടിയ യാത്രയിൽ
ഞാനറിഞ്ഞലിഞ്ഞു ചേരവെ
എൻ കരം ഗ്രഹിച്ച് മുമ്പേ നടന്ന സഹയാത്രികന്റെ
ഹൃദയ സ്പന്ദനമെനിക്കേകിയത്
അനുയാത്രതുടരാനുള്ള
മൗനാനുവാദമോ????

**ലിറ്റിൽ കൈറ്റ്സ്**
**ജി.എച്ച്.എസ്.എസ്.നടുവണ്ണൂർ**

# പ്രാചീന മനുഷ്യർ

പ്രാചീന കാലത്ത് ജീവിച്ചിരുന്ന മനുഷ്യവിഭാഗമാണ് നിയാൻഡർതാൽ മനുഷ്യർ. ഇവരിൽ കൂടിയാണ് ആധുനിക മനുഷ്യനിലേക്ക് ഉള്ള പരിണാമമുണ്ടായതെന്ന് കരുതുന്നു.നിയാൻഡർതാൽ മനുഷ്യർക്ക് 150 വർഷത്തോളം ആയുസ്സും,രോഗങ്ങളെ പ്രധിരോധിക്കാനുള്ള കഴിവും ഉണ്ടായിരുന്നുവെന്ന് അനുമാനിക്കുന്നു.ജർമ്മനിയിലെ ദുസൽദോർഫിനടുത്തുള്ള നിയാൻഡർ താഴ്വരയിൽ ജീവിച്ചിരുന്നതായി തെളിവുകൾ ലഭിച്ചിട്ടുള്ള ആദി മനുഷ്യ വിഭാഗമാണ് നിയാൻഡർതാൽ മനുഷ്യർ. 1857-ൽ ഒരു ഗുഹയിൽ നിന്നാണ് ഈ മനുഷ്യവർഗത്തിൻ്റെ അസ്ഥികൂടം കണ്ടെത്തിയത് മൂന്നു ലക്ഷത്തിലേറെ വർഷങ്ങൾക്ക് മുൻപ് ജീവിച്ചിരുന്ന നിയാൻഡർതാൽ മനുഷ്യർക്ക് മുപ്പതിനായിരം വർഷങ്ങൾക്ക് മുൻപ് വംശനാശം സംഭവിച്ചതായി അനുമാനിക്കുന്നു.



ലിറ്റിൽ കൈറ്റ്സ്
ജി.എച്ച്.എസ്.എസ്.നടുവണ്ണൂർ

# മനം കവർന്ന ആ രണ്ടു ദിനങ്ങൾ

- ശ്രാവണ സതീഷ്

ബീസ്റ്റാർട്ട് ദ്വിദിനക്യാമ്പിനെ കുറിച്ച് എഴുതാൻ മാത്രമുള്ള വാക്കുകൾ മലയാള ഭാഷയിൽ ഇന്നേവരെ ഉണ്ടായിട്ടില്ല എന്നുതന്നെ പറയാം.ഒട്ടേറെ വിസ്മയങ്ങൾ സമ്മാനിച്ച ഒരു മഹാത്ഭുതം.ജിവികമാകുന്ന സാഗരത്തിലെ അതിവൃതവമാ അനുഭവമായിരുന്നു കൃമ്പ്.ഇതിനു മുമ്പ് ഒട്ടേറെ ക്യാമ്പുകളിൽ പങ്കെടുത്തിട്ടുണ്ടങ്കിലും ഇത്എല്ലാത്തിനേക്കാളും വേറിട്ടുനിന്ന ക്യാമ്പായിരുന്നു.കൃമ്പ് നയിച്ച ജോസഫ് സാറിന്റെയും ബിനോയ് സാറിന്റെയും നെതൃത്വമഹിമ തന്നെയാണ് ക്യാമ്പിന്റ മഹത്വം. കുട്ടികളെ ഗ്രൂപ്പുകളാക്കി തിരിച്ച് മത്സരങ്ങൾ നടത്തിയത് കുട്ടികളിൽ സംഘബോധവും പരിശ്രമ മനോഭാവവും വളർത്തിയെടുക്കാൻ ഏറെ സഹായിച്ചു. രക്ഷികാക്കളെയും കുട്ടികളേയും ഒരുമിച്ചിരുത്തിയുള്ള ക്ലാസ് ഏവരുടേയും മിഴികളെ ഈറനണിയിച്ചു. സഹവാസ ക്യാമ്പ് ആയതുകോണഅട് നന്നായിആസ്വദിക്കാൻ കഴിഞ്ഞു. കൂട്ടുകാരോടോപ്പമുള്ള ഒരു രാത്രി എന്ന സ്വപ്നം സാക്ഷാത്കരിക്കാൻ ഈ ക്യാമ്പ് വഴിയോരുക്കി.ഈ ക്യാമ്പ് ഭാവിയിൽ ഒരു മുതൽ കൂട്ടാകും എന്നതിൽ സംശയമില്ല. ഇത്രയും മികച്ച ഒരു ക്യാമ്പ് ഞങ്ങൾക്കായി സംഘടിപ്പിച്ച പ്രിയ അധ്യാപകരേയും ക്യാമ്പിന്റെ വിജയത്തിനായിരണ്ടു

**ലിറ്റിൽ കൈറ്റ്സ്**
**ജി.എച്ച്.എസ്.എസ്.നടുവണ്ണൂർ**

ദിവസം കഷ്ടപ്പെട്ട രക്ഷിതാക്കളെയും ഒപ്പം ക്യാമ്പ് മികച്ചതാക്കാൻ അശ്രാന്തം പരിശ്രമിച്ചജോസഫ് സാർ,ബിനോയ് സാർഎന്നിവരേയും ഞാൻ ഈ അവസരത്തിൽ നന്ദിപൂർവ്വം സ്മരിക്കുന്നു.



**ലിറ്റിൽ കൈറ്റ്സ്**
**ജി.എച്ച്.എസ്.എസ്.നടുവണ്ണൂർ**

# ഗാന്ധി തൻ സ്മിതം

-നിരഞ്ജന



സ്ഫടികംപ്പോൽ സുതാര്യമാണദ്ദേഹ-
ത്തിൻ ജീവിതം

**ലിറ്റിൽ കൈറ്റ്സ്**
**ജി.എച്ച്.എസ്.എസ്.നടുവണ്ണൂർ**

സാഗരംപോൽ ആഴമേറിയതും
വൈതരണികളെ വജ്രസമാനമായ
നിശ്ചയദാർഢ്യത്തോടെയും നറുവെണ്ണ-
പ്പോൽ അലിവോടെയും
ജീവിതത്തെയിത്രമേൽ സ്ഷ്ടം
ചെയ്തെടുത്ത വിശ്വൈകവീരനെൻ
ഗാന്ധി............

വിശ്വവിജയിയും ത്യാഗവീരനുമായി
പിറന്ന മഹാത്മാവൻ ഗാന്ധി
കലാപഭൂമിയിൽ ചുവടുവെച്ച-
ദ്ദേഹത്തിൻ വെൺമയാർന്ന-
ചിത്രം ഞാനിന്നും സ്മരിപ്പൂ.

സൂര്യനെപ്പോൽ തേജസ്വിയും
ക്ഷീരംപ്പോൽ വെൺമയാർന്നാനനവും
വെള്ളത്തോളിൻ വരികൾപ്പോലെൻ-
മനസ്സിൽ ഗുരുവായി ഗാന്ധിജിയും
ശ്രേഷ്ഠഭാരതനാടിൽ ഉണരും

പുതു ഗീതമായെൻ ഗാന്ധി
ചില്ലകൾതോറും പാറി നടക്കും-

**ലിറ്റിൽ കൈറ്റ്സ്**
**ജി.എച്ച്.എസ്.എസ്.നടുവണ്ണൂർ**

പൊൻപറവകളായി നാം.
ഗാന്ധിചിന്തകളുയരും നാട്ടിൽ
വിഹായസ്സായെൻ  ഗാന്ധി
ശാന്തിതേടുന്നൊരു ആത്മാവുപ്പോലെ

**ഞാൻ തേടുന്നു ഗാന്ധി തൻ സ്മിതം**



ലിറ്റിൽ കൈറ്റ്സ്
ജി.എച്ച്.എസ്.എസ്.നടുവണ്ണൂർ

# യാത്രാവിവരണം

-ശ്രീലക്ഷമി

എനിക്ക് യാത്രാ എന്ന പറയുമ്പോൾ മനസ്സുനിറഞ്ഞ് ആസ്വദിക്കാൻ പറ്റിയ യാത്രയാണിഷ്ടം.നമ്മൾ കർണാടകയിലേക്കോ മൈസൂരിലേക്കോ ഒക്കെ യാത്ര പോകുമ്പോൾ വയനാട് ചുരത്തിലൂടെയാണ് സാധാരണയായി യാത്ര പോകുന്നത്.നമ്മൾ അവിടേയൊക്കെ കാണുന്ന മനോഹരമായ പാലസും ഗാർഡനേക്കാൾ ഗംഭീരമാണ് വയനാട്ടിലെ ചുരംകയറ്റം.പ്രകൃതിഭംഗി എന്നൊക്കെ പറഞ്ഞാൽ അതാണ് .ചുരം താഴെനിന്ന് മുകളിലെത്തുന്നവരെയും



കാണാൻ എന്തൊക്കെ കാഴ്ച്ചകളാ!....... മഞ്ഞുപുതപ്പുകൊണ്ട് മൂടിപുതച്ച് കിടന്നുറങ്ങുന്ന മലനിരകൾ പ്രഭാത സൂര്യന്റെ കിരണങ്ങളേറ്റ് അതിമനോഹരമായി വെട്ടിത്തിളങ്ങുന്നു.മൂടൽമഞ്ഞ് പുക പോലെ മലകളെ ആവരണം ചെയ്തിരിക്കുന്നു.വണ്ടിയിൽ നിന്നും താഴേക്ക് നോക്കിയാൽ കാണാവുന്ന കാഴ്ച്ച അതിമനോഹരമാണ്.തീപ്പെട്ടിക്കൂട്ടുകൾ പോലെ നിരന്ന് ചുരംകയറുന്ന എത്രയെത്ര വാഹനങ്ങൾ.വഴിയോരങ്ങളിൽ യാത്രക്കാരുടെ മനം കവരാൻ നിൽക്കുന്ന കുസൃതിക്കുരങ്ങന്മാർ.അവറ്റകളുടെ കളികളും മറ്റും കണ്ടാൽ യാത്രക്കാരുടെ നോട്ടം അവരിലേക്കായി.ഞാനും അതെ.എനിക്ക് കുരങ്ങന്മാരെ നല്ല ഇഷ്ടമാ.... പിന്നെ റോഡിന്റെ ഇരുവശങ്ങളിലും റബ്ബർക്കാടും കാട്ടുവള്ളികൾക്കൊണ്ട് പ്രകൃതിക്ക് അലങ്കാരമായി കൈകൾക്കോർത്ത് നിൽക്കുന്ന മരങ്ങൾ.ബഹളം ഉണ്ടാക്കി പറന്നുയരുന്ന പക്ഷിക്കൂട്ടം. പഞ്ഞിക്കിടക്കപോലെ ഓടിക്കളിക്കുന്ന കാർമേഘങ്ങൾ.ഹൊ ഒരു ജീവിതം കുളിരണിയിക്കാൻ ഇങ്ങനത്തെ പ്രകൃതി സൗന്ദര്യങ്ങൾ മതി.എന്തോ എനിക്കത്രക്കുമിഷ്ടമാണ്. വയനാടിന്റെ പ്രകൃതിഭംഗി.ഞാനേറ്റവും ഇഷ്ടപ്പെട്ട എന്നെ ഏറ്റവുമധികം സ്വാധീനിച്ച യാത്രാവേളയാണ് വയനാട് ചുരം കേറൽ.......

**ലിറ്റിൽ കൈറ്റ്സ്**
**ജി.എച്ച്.എസ്.എസ്.നടുവണ്ണൂർ**

# ബാല്യകാലം

ജയ

ഇന്നും മനസ്സിൽ പച്ച പിടിച്ച നിൽക്കുന്ന . വീണ്ടുമൊരു കുട്ടിയാവാൻ മനസ്സിൽ നിലനിർത്തുന്ന കുറെ ഓർമ്മകൾ... അമ്മയുടെ വീട്ടിൽ കാവും കുളവും ക്ഷേത്രവും ഉത്സവത്തിന് മുന്നോടിയായി ഉയരത്തിൽ മുളങ്കമ്പുകളിൽ നാട്ടുന്ന കാറ്റിൽ പാറിപ്പറക്കുന്ന കൊടികളും .... ആ മണ്ണിൽ നിന്ന് കിട്ടിയ തീരാ സ്നേഹത്തിന്റെയും വാത്സല്യത്തിന്റെയും ഒരു പിടി നെൽക്കതിരുകളും...



പുന്നെല്ലിന്റെയും തൊഴുത്തിൽ അയവെട്ടുന്ന പശുക്കളുടെയും ഗന്ധം .ഒന്നുകൂടി അനുഭവിക്കാൻ .... അമ്മപ്പശുവിനു പിന്നാലെ തുള്ളുന്ന പശുക്കിടാങ്ങളുടെ പിന്നാലെ ഓടാൻ... ഞാവൽപ്പഴവും മുള്ളൻ കായും തിന്നു തിന്നു തിന്നു മതികെടാൻ... റെയിലിനപ്പുറത്തു നെൽപ്പാടത്തിനു നടുവിലുള്ള , പിറകിലൂടെ ഒരു കുഞ്ഞു തോടൊഴുകുന്ന മൂത്തമ്മയുടെ വീട്ടിൽ ഒരിക്കൽ കൂടി പോവാൻ , ഏട്ടന്മാരുടെയും ചേച്ചിയുടെയും കൂടെ ഊഞ്ഞാലിലാടി ആകാശം തൊടാൻ , ആ സ്നേഹവാത്സല്യങ്ങൾ

**ലിറ്റിൽ കൈറ്റ്സ്**
**ജി.എച്ച്.എസ്.എസ്.നടുവണ്ണൂർ**

ഒന്നൂടെ നുകരുവാൻ .... അനിയനും സംഘവും പറിക്കുന്ന പച്ചമാങ്ങ പാറമേലെറിഞ്ഞു പൊട്ടിച്ച് ഉപ്പു കൂട്ടി പല്ലു പുളിക്കും വരെ തിന്നാൻ ... നടുവകത്തെ മുറിയിൽ ഏട്ടൻ എടുത്തു വച്ചിരിക്കുന്ന മാതൃഭൂമി ആഴ്ചപ്പതിപ്പുകളെടുത്തു വീണ്ടും വീണ്ടും വായിക്കാൻ... പടിഞ്ഞാറു വശത്തുള്ള തോട്ടുവക്കിൽ ചെന്ന് അനിയന്മാർ ചൂണ്ടയിടുന്നതും നോക്കി വെറുതെ നിൽക്കാൻ..... ഇരുട്ട് പതുങ്ങിക്കളിക്കുന്ന ഇടനാഴിയിൽ വലിയ ചെമ്പുകളിൽ പഴുപ്പിച്ചു വച്ചിരിക്കുന്ന സ്വർണ്ണനിറമുള്ള മാങ്ങ കടിച്ചീമ്പി തിന്നാൻ.....ആ മധുരത്തിലലിയാൻ.... കളിച്ചു മതിയാവാതെ പെട്ടെന്ന് സന്ധ്യ യായതെന്തേ എന്നോർത്ത് പാറകൾക്കു മുകളിൽ നിന്ന് ചെംചായം ചാലിച്ച പടിഞ്ഞാറൻ മാനം നോക്കി നിൽക്കാൻ... വലിയമ്മയുടെ അവസാന വിളി കേട്ട് കല്ലും മുള്ളും വക വെക്കാതെ കല്ലുവെട്ടു കുഴിയുടെ വക്കത്തുള്ള ഇല്ലാ വഴിയിലൂടെ ഒരിക്കൽ പോലും വീഴാതെ ഞാൻ മുമ്പേ ഞാൻ മുമ്പേ എന്ന മട്ടിൽ കുതിച്ചോടാൻ.... വീട്ടിനു പിറകിൽ കാവിനടുത്തുള്ള കുളത്തിൽ ചെന്ന് കണ്ണ് ചോക്കും വരെചാടി മറിയാൻ... പാടത്തു നിന്നും വന്ന അമ്മച്ഛന് ചുറ്റുമായി രിക്കാൻ , മാമന്മാരുടെ കഥകൾ കേൾക്കാൻ ... ഒടുവിൽ സുജേച്ചിയോ ബേബിയേച്ചിയോ തരുന്ന ചോരുളകൾ കഴിക്കാൻ , അവരുടെ മടിയിൽ കിടന്നുറങ്ങാൻ ... പിന്നെ , പത്തായത്തിൽ നിന്നുയരുന്ന നെല്ലിന്റെ വാസനയോടെ ഉറക്കമുണരാൻ.. ചേച്ചിമാരോടും അനിയത്തിമാരോടും കളിക്കൂട്ടുകാരിയോടുമൊത്തു . പറമ്പിലേക്കിറങ്ങി , മഞ്ഞു പുതച്ച മരങ്ങളും കണ്ടു , കല്ലുകൾക്കിടയിൽ നിന്ന് തലനീട്ടുന്ന കാക്കപ്പൂ

ച്ചെടികളിലെ കുളിർ മഞ്ഞിൻ തണുപ്പ് കാലടികളിൽ നിന്നും മൂർധാവ് വരെ പടരുന്നതറിയാൻ ..... ......ഇനിയെത്ര കാലം കാത്തിരിക്കണം ഞാൻ........എത്രയെത്ര കാലം???



# നിറങ്ങൾ

ടി.കെ പ്രകാശൻ



ആരവമിരമ്പലുയരാറുണ്ടിടയ്ക്കെൻ

ഹൃത്തിലിന്നലെപ്പോലെയിന്നും.

നിറയാറുണ്ടെന്നെ തൊട്ട_

നിറങ്ങളോരോന്നുമിന്നുമെൻകൺകളിൽ.

കൈ വിI രലുകളിൽ തൂങ്ങിയാടിയ ബാല്യലീലകൾ,

ഒന്നു മാറ്റി മറ്റൊന്നു തൊട്ടു നോക്കും കൗതുകങ്ങൾ.
ആലവട്ടങ്ങൾ നിവർന്നോരോകമനീയ ചിത്രങ്ങൾ
ആലോലം നിറമാർന്നു തൊടാറുണ്ടെൻ

യൗവനദീപ്തിയകലും പാതി പ്രജ്ഞയിലിന്നും.

ഹൃദയം തൊട്ട പ്രകൃതി പ്രണയം നൽകി കടന്നെങ്കിലും,
എന്നിലന്നു നിറഞ്ഞ ആനന്ദ സുന്ദര ചലനങ്ങളതുപോലെ
തന്നെയുണ്ടാകാം

ലിറ്റിൽ കൈറ്റ്സ്
ജി.എച്ച്.എസ്.എസ്.നടുവണ്ണൂർ

ഒരോ കുഞ്ഞിളം കൺകളിലിന്നും.

ഓരോ മണവുമുള്ളിലേയ്ക്കെടുത്ത് തിരികെ നടക്കാറുണ്ട ഞാനോരോ

പുതുമഴയിലും.

ഓരോ കാലമെത്ര

നിറമെന്നിൽ തൊട്ടു

കടന്നേ പോയെത്ര

ജീവചിത്രങ്ങൾ.

മൂകം പറക്കുന്നെങ്ങോ

നെടുനിശ്വാസമായി




കുഞ്ഞുകുഞ്ഞു കൗതുകങ്ങൾ.

പുലരൊളിവെട്ടം ചാഞ്ഞു വീഴും മഞ്ഞു വീണ

തണുത്തവഴികളിലോടിയെത്ര വെൺമുയലുകൾ.

ഓർമ്മയുണ്ടെനിക്കിന്നലെപ്പോലെ

തിളയ്ക്കും പുഴയിലെ നിഴൽ കുളിരിൽ കാൽ വിരലുകളിൽ മദിച്ച

പൊൻപരലുകളെല്ലാം.

സുന്ദര സ്മൃതി ചെപ്പുകളോരോന്നും തുറന്നിട്ടോരോരോ വിസ്മയം

മിഴികളിൽ നിറച്ചെത്രയന്തികളെന്നിൽ

തിരി നീട്ടുന്നുവെന്നോ?

ലിറ്റിൽ കൈറ്റ്സ്

ജി.എച്ച്.എസ്.എസ്.നടുവണ്ണൂർ

# അറിവിൻ സ്മിതം

നിശാഗന്ധി പൂക്കുന്നൊരേകാന്ത വീചിയിൽ
ആരോ മുളം തണ്ടു മീട്ടുന്നപ്പോലെ
അലകളായി പൊഴിയുന്ന രാഗങ്ങളൊക്കെയും,
മധുരിമയായി ചൊരിഞ്ഞൊരിഞ്ഞു

സ്നേഹഭാഷാമൃതം പോൽ ചൊരിയുന്ന
അക്ഷരമാലകൾ,അറിവിൻ മധുരം
കടഞ്ഞെടുത്തു

വാത്സല്യനിറകുടമാം മാതാവെന്ന
സങ്കൽപ്പം ഞങ്ങൾക്കേകിയ
മഹാനുഭവനെ......


തെറ്റുകളെല്ലാം അകത്തി നീ
എന്നെ വിജ്ഞാന
ലോകത്തേക്ക് പട്ടുയർത്തി

പടക്കുതിരയെപ്പോൽ പറന്നുയർന്നു
ഞാൻ, സ്നേഹവാത്സല്യങ്ങൾ
നുകർന്നുണർന്നു.

ലിറ്റിൽ കൈറ്റ്സ്
ജി.എച്ച്.എസ്.എസ്.നടുവണ്ണൂർ

# ജലത്തിന്റെ പര്യായം

ദിലീപ് കിഴൂർ



മോനെ.....
തൊണ്ടയിൽ നനവ് വറ്റി
വേനലിൽ കണ്ണീര് തിളച്ച
ഉപ്പല് വീണ മുഖം പൊള്ളി
ഞരമ്പിലൂടെ ഒഴുകി വരുന്നുണ്ട്
മുലപ്പാലിന്റെ ചൂര്....

അമ്മേ....
ജീവിതത്തിന്റെ ഉത്തരക്കടലാസിൽ
എഴുതിത്തീരാത്ത വേനലിന്റെ പാഠമുണ്ട്
വറ്റിതീർന്ന കിണറുണ്ട്
തണലില്ലാത്ത മരമുണ്ട്


മോനെ......
സൂര്യന്റെ മഞ്ഞതീമഴയായി
മനസ്സൊരു മരുഭൂമിയായി
കണ്ണീർച്ചാലിലൂടെ ഒഴുകിവരുന്നുണ്ട്

ലിറ്റിൽ കൈറ്റ്സ്
ജി.എച്ച്.എസ്.എസ്.നടുവണ്ണൂർ

വാത്സല്യം

അമ്മേ.....
എഴുത്തുപേനയുടെ അറ്റത്ത്
മുലപ്പാലിന്റെ നനവുണ്ട്
ഉത്തരം കാണുന്ന നിലാവുണ്ട്
.......വേനലിൽ നമ്മൾ വറ്റാതിരിക്കട്ടെ

-ദിലീപ്
കീഴൂർ




**ലിറ്റിൽ കൈറ്റ്സ്**
**ജി.എച്ച്.എസ്.എസ്.നടുവണ്ണൂർ**

# മഞ്ഞുതുള്ളികൾ

ജയശ്രീ കോലഞ്ചേരി

മഴയാണോ മഞ്ഞു വീഴുന്നതാണോ ഏറ്റവും പ്രിയമെന്ന എപ്പോഴും ചോദിക്കുന്ന മനസ്സിന് ഈ തണുപ്പുകാലം കണ്ടപ്പോൾ സമാധാനമായിട്ടുണ്ടാവും .അടുത്ത വേനൽ മഴ  വരെയേ  ആ ആശ്വാസത്തിനായുസ്സുള്ളൂ എങ്കിലും ...

ഈ  മഞ്ഞുകാലത്തെ ഇത്ര പ്രണയിക്കാനെന്തേ ? അറിയില്ല... പുസ്തകത്താളുകളിലൂടെ കുട്ടിയാവുമ്പോഴേ അനുഭവിച്ചറിഞ്ഞ മനസ്സിലേക്ക് അല്ല ഹൃദയത്തിലേക്കരിച്ചിറങ്ങിയ കോടമഞ്ഞിൻ തണുപ്പ് വിട്ടകലാതെ  കൂടെനിൽക്കാനെന്തേ?....,

ഇപ്പോഴും ഒരു  സ്വപ്നമുണ്ട്...മനക്കണ്ണാടിയിൽ മാത്രം കാണുന്ന  ഒരു സ്വപ്നം ....   ആലിപ്പഴ വർഷത്തിൽ     , ആകാശത്തുനിന്നും തുരുതുരാ ചൊരിയുന്ന   രത്നങ്ങളെ പോലെ പ്രഭ ചൊരിയുന്ന   മഞ്ഞുകട്ടകൾ കൈക്കുമ്പിളിൽ വാരിയെടുക്കാൻ , മഞ്ഞു വകഞ്ഞു മാറ്റി മാനസസരോവറിന്റെയോ അല്ലെങ്കിൽ  ഹിമവൽപാർശ്വത്തിലെ അരയന്നങ്ങൾ നീന്തിത്തുടിക്കുന്ന നീലത്തടാകത്തിനോ അരികെ  ഒരു ശിലയായി യുഗങ്ങളോളം ഒരേ നിൽപ്പ് നിൽക്കാൻ....

**ലിറ്റിൽ കൈറ്റ്സ്**
**ജി.എച്ച്.എസ്.എസ്.നടുവണ്ണൂർ**

ഇപ്പോൾ ...

രാവിലെ എഴുന്നേറ്റ് പൈപ്പിലെ വെള്ളമെടുത്ത് മുഖം കഴുകുമ്പോൾ

മഞ്ഞിൽ തണുപ്പ് ശരിക്കുമറിയുന്നു...വായിൽ വെള്ളമെടുത്താൽ

ഐസ് വാട്ടർ കുടിക്കുന്ന തു പോലെ...

ജനൽ തുറന്നാൽ ഇറ്റു വീഴുന്ന മഞ്ഞുതുള്ളിയുടെ നനുത്ത ശബ്ദം ...
മുറ്റത്തിറങ്ങിയാൽ അദൃശ്യനായ പൂജാരി തളിക്കുന്ന തീർത്ഥം പോലെ
മഞ്ഞുതുള്ളികൾ നിറുകയിൽ
പതിയ്ക്കുമ്പോൾ അറിയാതെ നിന്നനില്പിൽ നിന്നൊന്നു

ആകാശത്തിലേക്കുയരുന്നുവോ?

ഏഴരക്ക് സ്കൂളി ലേക്കിറങ്ങുമ്പോൾ പുഴ മഞ്ഞിൽ പൊതിഞ്ഞിരിക്കുന്നത്

കാണാം ...പാടത്തിനടുത്തുള്ള റോഡിൽ മഞ്ഞിനപ്പുറത്തുള്ള കാഴ്ചകൾ

നിഴലുകൾ പോലെ .

ഇടയ്ക്കു മഞ്ഞിൽ തെളിഞ്ഞും മറഞ്ഞും കാണുന്ന കുന്നു കൾ ഒരു വെളുത്ത
ക്യാൻവാസിൽ വരച്ച രേഖാചിത്രം മാതിരി നിഗൂഢമായ സന്തോഷം

ഉള്ളിലുണർത്തുന്നുണ്ടോ ?

..
അകലെ സ്വപ്നത്തിലെന്നോണം വെളുത്ത മഞ്ഞിൻ പുതപ്പിൽ നിൽക്കുന്ന

തെങ്ങോലത്തലപ്പുകൾ...

അതിനിടയിലൂടെ ചിതറി വരുന്ന സൂര്യവെളിച്ചം ....ഹോ ........
കണ്ണുകളിലും മരവിക്കുന്ന മനസ്സിലും ഈ കാഴ്ചകളൊരു

**ലിറ്റിൽ കൈറ്റ്സ്**
**ജി.എച്ച്.എസ്.എസ്.നടുവണ്ണൂർ**

പൂത്തിരി കത്തിക്കുന്നുണ്ടോ ?

പിന്നെ ,
ഒരു പത്തു പതിനൊന്നു മണിയാവുമ്പോൾ  നിലത്തു തെളിയുന്ന
മരങ്ങളുടെയും  നമ്മുടെ പോലും നിഴലുകൾക്കെന്തൊരു  ഭംഗിയാണ്....

വൈകുന്നേരങ്ങളിൽ  കിളികളുടെ കൊഞ്ചലും കേട്ട്  മുറ്റത്തിനപ്പുറത്തുള്ള
മരങ്ങളിൽ നിന്ന് കൊഴിയുന്ന ഇലകളെയും നോക്കി
നിമിഷനേരത്തേക്കാണെങ്കിലും നിൽക്കുമ്പോൾ പകലിന്റെ
വേദനകളെല്ലാം അടർന്നടർന്നു  പോവുന്നതുപോലെ .....



ലിറ്റിൽ കൈറ്റ്സ്
ജി.എച്ച്.എസ്.എസ്.നടുവണ്ണൂർ

# Rise up

- SHOBIKA .K 8J

Rise up towards the blooming dawn

as the storm of golden shower.

When dusk of moon appear with his stars

to watch over the night.

As soon as the break of dawn reach,

a new light of truth claimed in

three dimensions.

I wonder does the spring really the

birth of flower blossom.

The frozen winds of winter shows a

new part of moon.

Autumn is the re-birth of nature’s

blessing.

## LITTLLEKITES -SECOND BATCH



## DIGITAL POOKKALAM -2019











ലിറ്റിൽ കൈറ്റ്സ്
ജി.എച്ച്.എസ്.എസ്.നടുവണ്ണൂർ

# ഏകാന്തനായി കടൽത്തീരത്ത്

ഏകാന്തമായി ഒഴുകുന്ന ഈ കടൽത്തീരത്ത്
ഞാൻ ഏകനായിട്ടിരിക്കുമ്പോൾ
നിശബ്ദമായി ഒഴുകുന്ന കടൽ ഇടയ് ക്കിടെ
പോട്ടിത്തെറിക്കുന്ന പോലെ തിരകൾ

കടൽ തന്റെ സങ്കടം ഉള്ളിലൊതുക്കി
തിരകളാൽ കലി തുള്ളി വരുന്നു
കരയാൻ കൊതിക്കുന്ന ആകാശം
കറുത്തിരുണ്ട് കടലിനെ നോക്കുന്നു.
കടലമ്മ രൂപം തൻ മനസ്സിൽ സാദൃശ്യമാം
എൻ മനസ്സിലെ സമാധാനത്തിനമ്മ
കടലമ്മ തലോടും പോൽ
കടൽക്കാറ്റ് വന്നെന്നെ തലോടി
ആ തലോടലിൽ എന്തെന്നില്ലാത്ത ഒരനുഭൂതി
എൻ മനസ്സ് തെല്ലൊന്നു കുളിർന്നു

എൻ മനസ്സിലെ വേദന തെല്ലൊന്നു കുറഞ്ഞു
കടൽക്കാറ്റ് എന്നെ നിദ്രയിലേക്കാഴ്ത്തി
പെട്ടെന്ന് മേലഹാകെ തണുത്തു വിറച്ചു
ആകാശം കരയാൻ തുടങ്ങി

**ലിറ്റിൽ കൈറ്റ്സ്**
**ജി.എച്ച്.എസ്.എസ്.നടുവണ്ണൂർ**



കടൽ പൊട്ടിച്ചിരിച്ച

കടൽ കാക്കകൾ ദൂരേക്ക് പറന്നകന്നു.

പെട്ടെന്നു മഴയൊന്നു നിന്നു

അകലെ നിന്നതാ സൂര്യൻ ചിരിക്കുന്നു

ആ സൂര്യകിരണത്താൽ കടൽ വെള്ളം

രത്നം പോൽ തിളങ്ങി തുടങ്ങി


വീണ്ടും ആ കടൽത്തീരത്ത് ഞാൻ ഏകനായി.


എന്തിനോ തേങ്ങുന്നു ഞാൻ.

ലിറ്റിൽ കൈറ്റ്സ്
ജി.എച്ച്.എസ്.എസ്.നടുവണ്ണൂർ


# എന്റെ കവിതകൾ ഇത് മാത്രം

ടി.മുരളീധരൻ









ലിറ്റിൽ കൈറ്റ്സ്
ജി.എച്ച്.എസ്.എസ്.

# നന്ദി

ലിറ്റിൽ കൈറ്റ്സ്
ജി.എച്ച്.എസ്.എസ്.നടുവണ്ണൂർ

# വൈഖരി വൈഖരി  വൈഖരി



ലിറ്റിൽ കൈറ്റ്സ്
ജി.എച്ച്.എസ്.എസ്.നടുവണ്ണൂർ